മാട്ടൂൽ അഴീക്കൽ പ്രദേശത്തെ കടൽഭിത്തി നിർമ്മാണം

65 [1895] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിൽ തകർന്നുപോയ മാട്ടൂൽ പഞ്ചായത്തിലെ മാട്ടൂൽ അഴീക്കൽ പ്രദേശത്തെ കടൽഭിത്തി നിർമ്മാണം സുനാമി ദുരിതാശ്വാസ പ്രവർത്തന ഫണ്ടിൽ ഉൾപ്പെടുത്തി നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ;

(സി) ഈ പ്രദേശങ്ങളിലെ കടൽഭിത്തി നിർമ്മാണ പ്രവൃത്തികളുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) മാട്ടൂൽ പ്രദേശത്തെ 200 മീറ്റർ കടൽഭിത്തിയുടെ പുനർ നിർമ്മാണത്തിനുവേണ്ടി 24 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി)&(ഡി) മാട്ടൂലിൽ 58 മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ അടിയന്തിര അറ്റകുറ്റ പണികൾ നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി

66 [1896] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം കോഴിക്കോടിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടി വിഭാവനം ചെയ്ത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമെന്നും ഇതിനായി എന്തു തുക ചെലവായെന്നും പദ്ധതി പൂർത്തീകരണത്തിനായി കണക്കാക്കിയിട്ടുള്ള തുകയെത്ര എന്നും വെളിപ്പെടുത്താമോ;

(സി) ഈ പദ്ധതി എന്നേക്ക് കമ്മീഷൻ ചെയ്യാനാകും;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിയുടെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ (31-3-2005 വരെ) ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ബേപ്പൂർ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുള്ള ടെണ്ടറുകൾ ക്ഷണിച്ചു തുടങ്ങിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായുള്ള വിവിധതരം സർവ്വേകൾ, ഡിസൈനുകൾ തയ്യാറാക്കൽ, പൈലറ്റ് ലീക്ക് ഡിറ്റക്ഷൻ, ടെണ്ടറുകൾക്കു വേണ്ടിയുള്ള പ്രീ-ക്വാളിഫിക്കേഷൻ മുതലായവ പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുള്ള ടെണ്ടറുകൾ ക്ഷണിച്ചുതുടങ്ങിയിട്ടുണ്ട്. ഈ പദ്ധതിക്കായി 71.62 ലക്ഷം രൂപ ചെലവായിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലമെടുത്തതിനുള്ള തുകയും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഉൾപ്പെടുന്നില്ല. ഇതു കൂടാതെ കോഴിക്കോട് ഉൾപ്പെടെ 5 പദ്ധതികൾക്കുംവേണ്ടിയുള്ള കൺസൾട്ടൻസി ഫീസിനത്തിൽ 29.5 കോടി രൂപയും ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തീകരണത്തിനായി 428.40 കോടി രൂപ വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) 2007 ആഗസ്റ്റ് മാസത്തോടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഈ പദ്ധതിയുടെ ആഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ താഴെ കൊടുക്കുന്നു.

ശമ്പളവും മറ്റ് വേതനങ്ങളും	111.34	ലക്ഷം രൂപ
യാത്രാബത്ത	1.35	,,
മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്	1.48	,,
ഫർണിച്ചർ	3.31	,,
വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ	2.43	,,
മറ്റ് ആഫീസ് ചെലവുകൾ	1.69	,,
ആകെ	121.60	,,

(ഇ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ, നല്ലളം, ബേപ്പൂർ, കടലുണ്ടി, ഒളവണ്ണ എന്നീ പഞ്ചായത്തുകൾ.

LIBRARY ARCHIVES Kerala Legislative Assembly